# ബഡ്ജറ്റ് പ്രസംഗം

മാന്യരെ,

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടത്തിയ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം എന്ന നിലയിലാണ് ചരിത്രത്തിൽ ആദ്യമായി എൽ.ഡി.എഫ് കേവല ഭൂരിപക്ഷത്തിൽ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ അധികാരത്തിൽ വന്നത്. **"കാലത്തിനൊപ്പം കരുതലോടെ, നാടിനൊപ്പം നേരോടെ"** എന്നുള്ള മുദ്രാവാക്യം ഉയർത്തി, **"അഴിമതി രഹിത സദ്ഭരണം"** കാഴ്ച വയ്കുക എന്ന ലക്ഷ്യത്തോടെ ഈ ഭരണ സമിതി അധികാരത്തിലേറിയ ശേഷമുള്ള ആദ്യ ബജറ്റാണിത്. 2021 ഫെബ്രുവരി 27 നകം 2021-2022 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കി ആയത് ബജറ്റിന്റെ ഭാഗമാക്കുകയും ചെയ്യണമെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം പദ്ധതി രൂപീകരണത്തിന്റെ പ്രാഥമിക നടപടി ക്രമങ്ങളായ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ പുന സംഘടന പഞ്ചായത്ത് നടത്തുകയുണ്ടായി. എന്നാൽ ആസന്നമായ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം ഫെബ്രുവരി രണ്ടാം വാരത്തിൽ ഇലക്ഷൻ കമ്മീഷൻ പ്രഖ്യാപിച്ചേക്കുമെന്നുള്ള സൂചനകളുടെ വെളിച്ചത്തിൽ, തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വരുന്നതിന് മുമ്പെ ബഡ്ജറ്റിന് അംഗീകാരം നൽകുക എന്ന ലക്ഷ്യത്തോടെ, പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ, ഘടക സ്ഥാപനമേധാവികൾ സമർപ്പിച്ച സ്റ്റേറ്റ്മെന്റുകൾ എന്നിവ അടിസ്ഥാനമാക്കിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സർക്കാർ സംസ്ഥാന ബജറ്റിന്റെ ഭാഗമായി നൽകുന്ന വികസന-മെയിന്റനൻസ് ഫണ്ടുകളാണ് നമ്മുടെ വിഭവ സ്രോതസ്സിന്റെ കാതൽ. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്കു വേണ്ടുന്ന വകയിരുത്തൽ നടത്തിയതിനുശേഷം ലഭ്യമാകുന്ന തനത് ഫണ്ട് മിച്ചം കൂടി വിവധ മേഖലകൾക്കായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകളും മറ്റ് ഏജൻസികളിൽ നിന്നുള്ള വരവുകളും ലൈഫ് ഭവന

പദ്ധതിക്കായി സർക്കാർ ലഭ്യമാക്കുന്ന ലോൺ തുകയും പ്രതീക്ഷിച്ചാണ് ബഡ്ജറ്റ് വകയിരുത്തൽ നടത്തിയിട്ടുള്ളത്.

കാർഷിക മേഖലയിൽ ഇന്ന് കർഷകർ ഏറ്റവുമധികം പ്രശ്നം നേരിടുന്നത് കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നുമാണ്. ഇതിനൊരു പരിഹാരമായി കാർഷിക വിളകളെ കാട്ടുമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കേരള സർക്കാർ വിഭാവനം ചെയ്തിട്ടുള്ള വിവിധ മിഷനുകളിലോന്നായ ലൈഫ് മിഷനിലൂടെ തലചായ്ക്കാനൊരിടമെന്ന പാവപ്പെട്ട ജനങ്ങളുടെ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുകയാണ്. പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്ന വേളയിൽ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തും ലൈഫ് ഭവന നിർമ്മാണ മേഖലക്കായി തുക വകയിരുത്തുന്നു. .ഗ്രാമ സഭകളിൽ പൊതുജനങ്ങളുടെ നിരന്തര ആവശ്യങ്ങളായിരുന്ന വീട്ടുമുറ്റത്ത് കുടിവെള്ളം എത്തുകയെന്നതും തെരുവുകളിലെ ഇരുളകറ്റാൻ വൈദ്യുതി സംവിധാനം എന്നുള്ളതും സമ്പൂർണ്ണ ലക്ഷ്യത്തിലെത്തിക്കുന്നതിന് ഈ ഭരണ സമിതി പ്രതിജ്ഞാബദ്ധമാണ്. പഞ്ചായത്തുകൾ തദ്ദേശ സ്വയംഭരണ സർക്കാർ ആണെങ്കിലും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലൂടെ രൂപപ്പെടുന്ന ചട്ടക്കൂടിനകത്തുനിന്നുകൊണ്ടു മാത്രമേ നമ്മുടെ വികസന പ്രവർത്തനങ്ങൾ സാധ്യമാകുകയുള്ളൂ. ആ നിലയിൽ അതാത് മേഖലകൾക്ക് ഫണ്ടുകൾ മാറ്റി വച്ചുകൊണ്ടും അനിവാര്യ മേഖലകളായ ശിശുക്കൾ, ഭിന്നശേഷി വിഭാഗങ്ങൾ, വനിതകൾ, വൃദ്ധർ, തുടങ്ങിയവർക്ക് നിർദ്ദിഷ്ട ശതമാനത്തിലധികം തുക വകയിരുത്തിക്കൊണ്ടും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനുതകുന്ന പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയുമാണ് ബഡ്ജറ്റ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

ബജറ്റിൽ വകയിരുത്തിയിട്ടുള്ള വിഭവ സ്രോതസ്സുകളുടെ വിശദാംശങ്ങൾ ബഡ്ജറ്റ് അവതരണത്തിൽ നൽകുന്നതാണ്. ബഡ്ജറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും ഫല പ്രാപ്തിയോടെയുള്ള പദ്ധതി രൂപീകരണത്തിനും എല്ലാ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും മറ്റെല്ലാ വിഭാഗം ആളുകളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഒപ്പ്
**ലത മോഹൻ**
പ്രസിഡന്റ്

വടശ്ശേരിക്കര,
05/02/2021

# ബഡ്ജറ്റ് നോട്ട്

പ്രിയരെ,

പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷമായ 2021-22 ലെ ബഡ്ജറ്റ് ഈ യോഗത്തിൽ അവതരിപ്പിക്കുവാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ആസന്നമായ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ, തെരഞ്ഞെടുപ്പ് പെരുമാറ്റ ച്ചട്ടം നിലവിൽ വരുന്നതിനും മുമ്പെ 2021-22 വർഷത്തെ പഞ്ചായത്തിന്റെ വാർഷിക പദ്ധതി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീ കാരം വാങ്ങി ആയത് ബഡ്ജറ്റുമായി സംയോജിപ്പിക്കുന്നതിന് കഴിയാത്ത സാഹചര്യ ത്തിൽ മുൻവർഷത്തെ പദ്ധതിയുടെ ഗുണങ്ങളും ദോഷങ്ങളും പരിഗണിച്ചും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ശുപാർശ ചെയ്ത വികസന ക്ഷേമ പരിപാടികൾക്ക് ഊന്നൽ നൽകിക്കൊണ്ടും തയ്യാറാക്കിയ ഈ ബഡ്ജറ്റിൽ എല്ലാ മേഖലകളും പരിഗണിച്ചിട്ടുണ്ട്. സർക്കാർ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചതും വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന ഫണ്ടുകളും തനത് വരുമാനവും കൂടിചേർന്നതാണ് പഞ്ചായത്തിന്റെ ബഡ്ജറ്റ് വിഭവ സ്രോതസ്സ്. കേരള സർക്കാർ 2021-22 വർഷത്തേക്ക് പഞ്ചായത്തിന് അനുവദിച്ച മെയിന്റനൻസ് ഫണ്ട് - റോഡ് വിഹിതം മുൻ വർഷത്തിനെ അപേക്ഷിച്ച് കുറവാണ്, ആകെ വിഹിതത്തിന്റെ ഒരു ഗഡു മാത്രമെ അനുവ ദിച്ചിട്ടുള്ളൂ എന്നും സംസ്ഥാന ധനകാര്യ കമ്മീഷൻ 2021 ജൂൺ മാസത്തിൽ നൽകുന്ന റിപ്പോർട്ട് പരിഗണിച്ച ശേഷം ബാക്കി ഗഡുക്കൾ അനുവദിക്കുന്നതാണ് എന്ന് സർക്കാർ പിന്നീട് ഉത്തരവിലൂടെ വ്യക്തമാക്കുകയുണ്ടായി. ആകയാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക മാത്രമെ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ബഡ്ജറ്റിന്റെ വിഭവ സ്രോതസുകളുടെയും ചെലവുകളുടെയും സംക്ഷിപ്തം ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ് പേജിൽ ലഭ്യമാക്കിയിട്ടുണ്ട്. ബഡ്ജറ്റ് അവതരണശേഷം കരട് ബഡ്ജറ്റ് പകർപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

# വിഭവ സ്രോതസ്സുകൾ

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | വികസന ഫണ്ട്- ജനറൽ | 1,51,19,000 |
| 2 | വികസന ഫണ്ട്- പട്ടികജാതി | 60,63,000 |
| 3 | വികസന ഫണ്ട്- പട്ടികവർഗ്ഗം | 2,80,000 |
| 4 | മെയിന്റനൻസ് ഫണ്ട് റോഡ് | 1,89,63,000 |
| 5 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 21,62,000 |
| 6 | ജനറൽ പർപ്പസ് ഫണ്ട് | 1,31,55,000 |
| 7 | ശബരിമല സ്പെഷ്യൽ ഗ്രാന്റ് | 30,00,000 |
| 8 | വരൾച്ചാ ദുരിതാശ്വാസ ഫണ്ട് | 2,50,000 |
| 9 | ശുചിത്വ മിഷൻ ഫണ്ട് - വാർഡ്തല ശുചീകരണത്തിനായി | 1,50,000 |
| 10 | ശുചിത്വ മിഷൻ ഫണ്ട് (സ്വച്ച് ഭാരത് മിഷൻ) | 15,00,000 |
| 11 | ശുചിത്വ മിഷൻ ഫണ്ട് -( ശ്മശാനം നിർമ്മാണം) | 35,00,000 |
| 12 | സംയോജിത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 25,00,000 |
| 13 | സംയോജിത പദ്ധതി ജില്ലാ പഞ്ചായത്ത് വിഹിതം | 50,00,000 |
| 14 | എം.ജി.എൻ.ആർ.ഇ.ജി.എസ് | 4,00,00,000 |
| 15 | ഐ.സി.ഡി.എസ് ഫണ്ട് | 5,00,000 |
| 16 | കേരളോൽസവം | 50,000 |
| 17 | പൈക്ക(കേന്ദ്രാവിഷകൃത പദ്ധതി) | 10,00,000 |
| 18 | ഗുണഭോക്തൃ വിഹിതം | 15,00,000 |
| 19 | തനത് ഫണ്ട് | 10,00,000 |
| 20 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ(ലൈഫ്) | 1,80,00,000 |
| 21 | എം. എൽ. എ ഫണ്ട് | 25,00,000 |
| | **ആകെ** | **13,61,92,000** |

# വിവിധ മേഖലകൾക്കുള്ള വകയിരുത്തലുകൾ

## ഉൽപാദന മേഖല

### കൃഷി അനുബന്ധ മേഖല

കാർഷിക മേഖലയുടെ വളർച്ചയ്ക്ക് വെല്ലുവിളിയായ കാട്ടുമൃഗങ്ങലുടെ ശല്യത്തിന് തടയിടുന്നതിനായും കാർഷിക വിളകളെ കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായും സോളാർ വേലി സ്ഥാപിക്കുന്ന പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ തെങ്ങ്, ഇഞ്ചി, വാഴ, പച്ചക്കറി എന്നീ വിളകൾക്കുള്ള പദ്ധതികൾക്കും ഫലവൃക്ഷത്തൈകളുടെ വിതരണത്തിനുള്ള പദ്ധതിക്കും തുക വകയിരുത്തിയിട്ടുണ്ട്.

### മൃഗസംരക്ഷണം ക്ഷീരവികസനം

മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിൽ തുക വകയിരുത്തുന്നതിന് ഈ ബഡ്ജറ്റ് പ്രാമുഖ്യം നൽകിയിട്ടുണ്ട്. വനിതകൾക്കായി പശുവളർത്തൽ, ആട് വളർത്തൽ മേഖലയിൽ **തുക** വകയിരുത്തിയിരിക്കുന്നു. കൂടാതെ സർക്കാരിന്റെ അഭിമാന പദ്ധതിയായ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായ ക്ഷീര വികസനത്തിന് കുതിപ്പേകുക എന്ന ലക്ഷ്യത്തോടെ **കന്നുകുട്ടി പരിപാലനം,** ക്ഷിരകർഷകർക്ക് പാലിന് സബ്സിഡി, എന്നീ മേഖലയിലും തുക വകയിരുത്തുന്നു.

കൂടാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി (എ. ബി. സി പദ്ധതി ) നടപ്പിലാക്കുന്നതിനായി തുക വകയിരുത്തുന്നു.

### ചെറുകിട വ്യവസായം

വനിതാ സ്വയംതൊഴിൽ പ്രോൽസാഹിപ്പിക്കുന്നതിനായി **വനിതകൾക്ക് സ്വയം തൊഴിൽ**നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി തുക വകയിരുത്തുന്നു.

# സേവന മേഖല

## വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ **സർവ്വശിക്ഷാ അഭിയാൻ** പദ്ധതിക്കായി മുൻ വർഷത്തിലെന്നപോലെ മതിയായ തുക വകയിരുത്തുന്നു. കൂടാതെ സാക്ഷരതാ പ്രവർത്തനങ്ങൾക്കും തുക വകയിരുത്തുന്നു.

## യുവജന ക്ഷേമം

യുവജനങ്ങളുടെ കായിക ശേഷി വളർത്തുന്നതിനുതകുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ സ്റ്റേഡിയം പൈക്ക പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് തുക വകയിരുത്തുന്നു.

## ആരോഗ്യം

കോവിഡ് മഹാമാരി കൂടുതൽ രൂക്ഷമാകുന്ന സാഹചര്യത്തിൽ ആയതിനെ പ്രതിരോധിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി മുഖാന്തിരം തുക വകയിരുത്തുന്നു. പഞ്ചായത്തിൽ മുൻവർഷങ്ങളിൽ വിജയകരമായി നടപ്പിലാക്കിയതും കിടപ്പുരോഗികൾക്ക് വളരെയധികം ആശ്വാസമേകുന്നതുമായ പാലിയേറ്റീവ് കെയർ പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ പ്രതീക്ഷിച്ചുകൊണ്ട് തുക വകയിരുത്തുന്നു. പഞ്ചായത്തിലെ പി.എച്ച്.സി, ആയുർവ്വേദ, ഹോമിയോ ആശുപത്രികൾക്ക് മരുന്നുകൾ വാങ്ങുന്ന പദ്ധതികൾക്കും തുകകൾ വകയിരുത്തിയിട്ടുണ്ട്.

സബ് സെന്ററുകൾ വഴി നടത്തുന്ന പ്രതിരോധ കുത്തിവെയ്പ്പ് പരിപാടിക്കായി തുക വകയിരുത്തുന്നു.

## കുടിവെള്ളം ശുചിത്വം

2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ മഹാപ്രളയത്തെത്തുടർന്ന് കുടിവെള്ളത്തിന്റെ ലഭ്യത നാൾക്കുനാൾ കുറവായി വരികയാണെന്ന് നമുക്കറിവുള്ളതാണല്ലോ. ആയതിനാൽ എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിക്കായി പഞ്ചായത്ത് വിഹിതം വകയിരുത്തുന്നു. വകയിരുത്തുന്നു. കുടിവെള്ള മേഖലയിൽ ദീർഘകാല അടിസ്ഥാനത്തിൽ ആസ്തികൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് 20212022 വർഷത്തിലും വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി ഏറ്റെടുക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്. ഇതോടൊപ്പം ശബരിമല തീർത്ഥാടന കാലയളവിൽ അയ്യപ്പ ഭക്തർക്കായി കുടിവെള്ള വിതരണത്തിനും തുക വകയിരുത്തിയിട്ടുണ്ട്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി കൂടുതൽ തുക ആ മേഖലയിൽ വകയിരുത്തുന്നു.

## സാമൂഹ്യ ക്ഷേമം

വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനുള്ള ധനസഹായം നൽകുന്ന പദ്ധതിക്കായി തുക വകയിരുത്തുന്നു. കൂടാതെ ശബരിമല തീർത്ഥാടകരുടെ സുരക്ഷയ്ക്കായി (ലൈഫ് ഗാർഡ് വേതനം) തുക വകയിരുത്തുന്നു.

## ദാരിദ്ര്യ ലഘൂകരണം

സമൂഹത്തിലെ ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന **ആശ്രയ** എന്ന പദ്ധതിക്കായി മുൻ വർഷങ്ങളിലേക്കാളും കൂടുതൽ തുക വകയിരുത്തുന്നു. കുടുംബശ്രീ എന്ന ആശയം ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് ഒരു അളവ് വരെ പരിഹരമാകുന്നുണ്ടെന്ന് നമുക്കറിയാം ആയതിലേക്ക് കുടുംബശ്രീ പ്രവർത്തകർക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന**ായി** തുക വകയിരുത്തുന്നു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ മുൻ വർഷങ്ങളിലേക്കാളും കൂടുതൽ കൂടുതൽ തുക വകയിരുത്തുന്നു.

## ശിശു ക്ഷേമം

ഈ മേഖലയിൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ അംഗൻവാടികളുടെയും മികവുറ്റ പ്രവർത്തനങ്ങൾക്കായി മതിയായ തുക വകയിരുത്തുന്നു. കെട്ടിടം നിർമ്മാണം, അറ്റകുറ്റപ്പണികൾ, വയറിംഗ്, വാട്ടർ കണക്ഷൻ, ഫർണിച്ചറുകൾ, പാത്രങ്ങൾ മറ്റ് ഉപകരണങ്ങൾ വാങ്ങൽ, കുട്ടികൾക്ക് യൂണിഫോം നൽകൽ, അംഗൻവാടി ജീവനക്കാർക്ക് അധിക ഹോണറേറിയം എന്നീ പ്രവർത്തനങ്ങൾക്കായി ഈ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അംഗൻവാടികൾ മുഖേന നടപ്പിലാക്കുന്ന പോഷകഹാര പദ്ധതിക്കായി കേന്ദ്ര വിഹിതം ഉൾപ്പെടെ മുൻവർഷത്തിലേക്കാളും അധിക തുക വകയിരുത്തുന്നു. കുട്ടികളിലെ കലാപരമായ കഴിവുകളെ പ്രോൽസാഹിപ്പിക്കുന്നതിനും മറ്റു കുട്ടികളുമായി ഇടപഴകുന്നതിനും അറിവുകൾ പങ്കു വയ്ക്കുന്നതിനും സഹായകരമാകുന്ന **ബാലസഭ** പദ്ധതിക്കായി തുക വകയിരുത്തുന്നു.

## ഭിന്നശേഷിയുള്ളവരുടെ ക്ഷേമം

ഈ വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ നേർധാരയിൽ നടത്തുക എന്ന ലക്ഷ്യത്തോടെ മുൻ വർഷങ്ങളിൽ ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2021-2022 ലും ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ സ്കോളർഷിപ്പ് പദ്ധതിക്കായി തുക വകയിരുത്തുന്നു. കൂടാതെ ഈ വിഭാഗത്തിലുള്ളവർക്ക് വിവിധ ക്ഷേമ പദ്ധതികൾക്കായി മതിയായ തുക വകയിരുത്തുന്നു.

## വയോജന ക്ഷേമം

വൃദ്ധജനങ്ങൾളെ സംരക്ഷിക്കേണ്ട കടമ നമുക്കുണ്ട്. അവർക്കായി ഫലപ്രദമായ പദ്ധതികൾ നമുക്ക് ആവിഷ്കരിക്കേണ്ടതുണ്ട്. മുൻ വർഷങ്ങളിൽ വൃദ്ധ ജനങ്ങൾക്ക് വേണ്ടി വിജയകരമായി നടപ്പിലാക്കിയ പദ്ധതികൾ ഉൾപ്പടെ പരിഗണിച്ചും, പകൽ വീട് എന്ന പദ്ധതിക്കായി കൂടുതൽ വകയിരുത്തൽ നടത്തിയും ഈ മേഖലയ്ക്ക് മതിയായ തുക വകയിരുത്തിയിട്ടുണ്ട്.

## പാർപ്പിട മേഖല

. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതികളിലൊന്നായ ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണല്ലോ, ഒന്നാം ഘട്ടത്തിൽ ഭവന രഹിതരായ 30-ൽ അധികം കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുവാൻ കഴിഞ്ഞു, പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കൂടുതൽ കുടുംബങ്ങൾക്ക് വീടു നൽകുന്നതിനായി സർക്കാരിന്റെ ലോൺ തുക, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട്, വികസന ഫണ്ട് എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ വാർഡൊന്നിന് 10 ശോചനീയാവസ്ഥയിലുള്ള വീടുകൾ എന്ന കണക്കിൽ പഞ്ചായത്തിലെ 150 വീടുകൾ വാസയോഗ്യമാക്കുന്നതിന് തുക വകയിരുത്തുന്നു.

## കമ്പ്യൂട്ടർവൽക്കരണം,

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനുതകുന്ന രീതിയിൽ ഓഫീസ് പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, കമ്പ്യൂട്ടർവൽക്കരണത്തിന്റെ മെച്ചപ്പെടുത്തൽ എന്നിവ നടത്തുന്നതിന് ലക്ഷ്യമിടുന്നു. വിവിധ സോഫ്റ്റ് വെയറുകളുടെ വിന്യാസം, അവയുടെ പരിപാലനം, വെബ്സൈറ്റുകളുടെ പരിപാലനം നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന് ഉപകരണങ്ങളുടെ തുടങ്ങിയ ചെലവുകൾക്കായി ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിനായി തുക വകയിരുത്തുന്നു. **ഓഫീസ് ക**മ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണി കരാറിനായി തുക വകയിരുത്തുന്നു. ആസുത്രണ നിർവ്വഹണ മോണിട്ടറിംഗ് ചെലവുകൾക്കായും തുക വക യിരുത്തുന്നു.

## ടൂറിസം മേഖല

പഞ്ചായത്ത് പ്രദേശത്തെ പ്രകൃതിരമണീയമായ സ്ഥലങ്ങൾ കണ്ടെത്തി ടൂറിസം വികസന സാധ്യതകൾ പഠിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിനായി തുക വകയിരുത്തുന്നു.

# പശ്ചാത്തല മേഖല

## ഗതാഗതം

ഗതാഗത മേഖലയിൽ റോഡ് കോൺക്രീറ്റ്, റോഡ് ടാറിംഗ്, റോഡ്റീ ടാറിംഗ്, പുതിയ കലുങ്കുകളുടെ നിർമ്മാണം, ഡി.ആർ കെട്ട് , ഓടകളുടെ നിർമ്മാണം സ്റ്റെപ്പ് / കൈവരി നിർമ്മാണം, നടവഴികൾ സഞ്ചാര യോഗ്യമാക്കൽ, നടപ്പാലം നിർമ്മാണം, വെയിറ്റിംഗ് ഷെഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കായി മതിയായ തുക ബജറ്റിൽ വകയിരുത്തുന്നു. ഗ്രാമ സഭയുടെ തീരുമാനപ്രകാരം പ്രവർത്തനങ്ങൾ ഏറ്റടുക്കുന്നു.

## ഊർജ്ജം

ഊർജ്ജ മേഖലയിൽ വികസനോന്മുഖമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കുന്ന ‘‘നിലാവ്’’ എന്ന പദ്ധതിക്കായും, **പുതിയ സ്ട്രീറ്റ് ലൈനുകൾ സ്ഥാപിക്കൽ,** പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്ട്രീറ്റ് ലൈനുകളിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തൽ എന്നീ പ്രവർത്തനങ്ങൾക്കും **തുക** വകയിരുത്തുന്നു.

# ഘടകസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള വകയിരുത്തലുകൾ

1. **വിവിധ സ്കൂളുകൾ**

(പുസ്തകങ്ങൾ വാങ്ങൽ, ഫർണിച്ചർ, പാത്രങ്ങൾ, മൈക്ക് സെറ്റ്, ഇലക്ട്രിക്കൽ വയറിംഗ്, സ്മാർട്ട് ക്ലാസ്സ് റൂം, അഡീഷണൽ ക്ലാസ്സ് റൂം നിർമ്മാണം….. തുടങ്ങിയ പ്രവർത്തനങ്ങൾ)

2. **ആശുപത്രികൾ**

എ) കുടുംബാരോഗ്യ കേന്ദ്രം

(മരുന്ന് വാങ്ങൽ, ഉപകരണങ്ങൾ, ഫർണിച്ചർ, കണ്ടിൻജന്റ് ചെലവുകൾ, ക്ലീനിംഗ് സ്റ്റാഫ് വേതനം തുടങ്ങിയ പ്രവർത്തനങ്ങൾ)

ബി) ആയുർവ്വേദ ഡിസ്പൻസറി

(മരുന്ന് വാങ്ങൽ, കണ്ടിൻജന്റ് ചെലവുകൾ)

സി) ഹോമിയോ ഡിസ്പൻസറി

(മരുന്ന് വാങ്ങൽ, കണ്ടിൻജന്റ് ചെലവുകൾ)

3. **കൃഷി ഭവൻ**

(കണ്ടിൻജന്റ് ചെലവുകൾ)

4. **അസ്സി. എഞ്ചിനീയർ, എൽ.എസ്സ്. ജി. ഡി**

(കണ്ടിൻജന്റ് ചെലവുകൾ)

5. **മൃഗാശുപത്രികൾ**

( അറ്റകുറ്റപ്പ്ണി, കണ്ടിൻജന്റ് ചെലവുകൾ)

6. **വി. ഇ. ഒ**

കണ്ടിൻജന്റ് ചെലവുകൾ

7. **അംഗൻ വാടികൾ**

പുതിയ 2 അംഗൻവാടികളുടെ നിർമ്മാണത്തിന് സ്ഥലം ലഭ്യമായ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉൾപ്പടെ തുക വകയിരുത്ത് അംഗൻവാടി നിർമ്മാണത്തിന് തുക വകയിരുത്തുന്നു. (വാട്ടർ കണക്ഷൻ, പാത്രങ്ങൾ, ഫർണിച്ചർ, അറ്റകുറ്റപ്പണി, വയറിംഗ്, കണ്ടിൻജന്റ് ചെലവുകൾ ...തുടങ്ങിയ പ്രവർത്തനങ്ങൾ)

–

## പട്ടികജാതി ക്ഷേമം

ലൈഫ് മിഷൻ പദ്ധതിയിലൂടെ വീട് നിർമ്മാണം, വിവാഹ ധനസഹായം പദ്ധതി വീടുകൾ പുനരുദ്ധരിക്കൽ ,കുട്ടികളുടെ പഠന സൗകര്യാർത്ഥം പഠന മുറി നിർമ്മിക്കൽ, ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ, വൃദ്ധ ജനങ്ങൾക്കായി പദ്ധതികൾ എന്നിങ്ങനെ തുക വകയിരുത്തുന്നു.

## പട്ടികവർഗ്ഗ മേഖല

പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനുതകുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് മതിയായ തുക വകയിരുത്തുന്നു.

# BUDGET STATEMENT

| | | | | | |
|---|---|---|---|---|---|
| **Vadasserikkara Grama Panchayat** | | | | | |
| **Budget for the Year 2021-22** | | | | | |
| | PARTICULARS | | Actuals for the year 2019-20 (2019-20ലെ കണക്ക്) | Budget for the year 2020-21 including all revisions (2020-21ലെ പരിഷ്കരിച്ച ബജറ്റ്) | Budget for the year 2021-22 (2021-22 ലെ ബജറ്റ്) |
| A | Opening balance(net) | ws-1 | 22,185,929.42 | 18,500,857.42 | 12,372,556.42 |
| B | a) Tax revenue-നികുതി വരുമാനം | BS-1 | 6,752,392.00 | 8,325,000.00 | 9,100,000.00 |
| C | b) Non tax revenue-നികുതിയിതര വരുമാനം | BS-2 | 1,917,319.00 | 2,465,000.00 | 2,745,000.00 |
| D | **Total Own Fund-ആകെ തനത് ഫണ്ട്** | (B+C) | 8,669,711.00 | 10,790,000.00 | 11,845,000.00 |
| E | c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് | BS-3 | 10,479,811.00 | 10,750,000.00 | 13,155,000.00 |
| F | **Total - ആകെ** | (D+E) | 19,149,522.00 | 21,540,000.00 | 25,000,000.00 |
| G | d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകള്‍- പദ്ധതി ചെലവുകൾക്ക് | BS-4 | 54,078,939.00 | 100,559,500.00 | 99,627,000.00 |
| H | e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകള്‍- പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 18,956,400.00 | 60,000,000.00 | 70,000,000.00 |
| I | **Toal Revenue Income - ആകെ റവന്യൂ വരവുകൾ** | (F+G+H) | 92,184,861.00 | 182,099,500.00 | 194,627,000.00 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | 3,591,946.00 | 6,940,000.00 | - |
| K | her than loans - വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 18,627,002.00 | 60,199,302.00 | 31,800,000.00 |
| L | **Total Capital Income-ആകെ മൂലധന വരവുകൾ** | (J+K) | 22,218,948.00 | 67,139,302.00 | 31,800,000.00 |
| M | **Total Income - ആകെ വരവുകൾ** | (I+L) | 114,403,809.00 | 249,238,802.00 | 226,427,000.00 |
| N | **Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും** | (M+A) | 136,589,738.42 | 267,739,659.42 | 238,799,556.42 |

## BUDGET STATEMENT

| | Vadasserikkara Grama Panchayat | | | | |
|---|---|---|---|---|---|
| | **Budget for the Year 2021-22** | | | | |
| | PARTICULARS | | Actuals for the year 2019-20 (2019-20ലെ കണക്ക്) | Budget for the year 2020-21 including all revisions (2020-21ലെ പരിഷ്കരിച്ച ബജറ്റ്) | Budget for the year 2021-22 (2021-22 ലെ ബജറ്റ്) |
| O | Revenue Expenditure-Statutory functions - റവന്യൂ ചെലവുകള് -അനിവാര്യ ചുമതലകൾക്ക് | BS-8 | 17,079,993.00 | 19,451,000.00 | 24,106,000.00 |
| P | Revenue Expenditure-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS-9 | 48,556,226.00 | 116,241,063.00 | 103,860,000.00 |
| Q | Revenue Expenditure-Non-Plan- റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS-10 | 18,956,400.00 | 60,000,000.00 | 70,000,000.00 |
| R | **Total Revenue Expenditure - ആകെ റവന്യൂ ചെലവുകൾ** | (O+P+Q) | 84,592,619.00 | 195,692,063.00 | 197,966,000.00 |
| S | Capital Expenditure -Loan repayments - മൂലധന ചെലവുകള് -വായ്പ തിരിച്ചടവ് | BS-11 | - | - | - |
| T | Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ | BS-12 | 33,496,262.00 | 59,675,040.00 | 31,800,000.00 |
| U | **Total Capital Expenditure - ആകെ മൂലധന ചെലവുകൾ ചെലവുകൾ** | (S+T) | 33,496,262.00 | 59,675,040.00 | 31,800,000.00 |
| V | **Total Expenditure - ആകെ ചെലവുകൾ** | (R+U) | 118,088,881.00 | 255,367,103.00 | 229,766,000.00 |
| W | **Closing Balance - നീക്കി ബാക്കി** | (N-V) | 18,500,857.42 | 12,372,556.42 | 9,033,556.42 |

| Vadasserikkara Grama Panchayat : Budget For The Financial Year 2021-22 | | | | |
|---|---|---|---|---|
| **BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ )** | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2019-20 (2019-20ലെ കണക്ക്) | Budget for the year 2020-21 including all revisions (2020-21ലെ പരിഷ്കരിച്ച ബജറ്റ്) | Budget for the year 2021-22 (2021-22 ലെ ബജറ്റ്) |
| 110 10 01 | Property Tax-വസ്തു നികുതി | 4382750 | 5500000 | 6000000 |
| 110 11 01 | Service Tax-സേവന നികുതി | 661482 | 825000 | 900000 |
| 110 20 01 | Profession Tax-തൊഴിൽ നികുതി | 1708160 | 2000000 | 2200000 |
| **110** | **Total-Tax Revenue-ആകെ നികുതി വരവ്** | **6752392** | **8325000** | **9100000** |
| **BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ )** | | | | |
| **130** | **Rental Income from Panchayat Properties** | | | |
| 130 10 01 | Rent from Land and Buildings -സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 103160 | 300000 | 300000 |
| 130 30 01 | Rent from Auditoriums and Halls -ആഡിറ്റോറിയം/ഹാൾ വാടക | 9600 | 15000 | 20000 |
| 130 80 01 | Other Rents- മറ്റ് വാടകകൾ | | | |
| **130** | **Total-Rental Income from Panchayat Properties** | **112760** | **315000** | **320000** |
| **140** | **Fees & User Charges** | | | |
| 140 10 01 | Empanelment & Registration Charges / Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ് | 12200 | 50000 | 50000 |
| 140 11 01 | Licence Fees-ലൈസൻസ് ഫീസ് | 284440 | 325000 | 400000 |

| | | | | |
|---|---|---|---|---|
| 140 12 01 | Fee for Grant of Permit-പെർമിറ്റ് ഫീസ് | 125205 | 200000 | 200000 |
| 140 13 01 | Fees for Certificate or Extract - സർട്ടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ | 4604 | 15000 | 15000 |
| 140 20 01 | Penalties and Fines-ഫൈൻ | 201811 | 100000 | 200000 |
| 140 40 01 | Miscellaneous Fees-മറ്റ് ഫീസുകൾ | 37587 | 50000 | 75000 |
| 140 50 01 | User Charges Collected-യൂസർ ചാർജ് | 103006 | 100000 | 150000 |
| 140 70 01 | Service/ Administrative Charges - സർവീസ്/അഡ്മിനിസ്ട്രേറ്റീവ് ചാർജുകൾ | 66214 | 50000 | 75000 |
| **140** | **Total-Fees & User Charges-** | **835067** | **890000** | **1165000** |
| **150** | **Sale & Hire Charges** | | | |
| 150 11 01 | Sale of Forms-ഫാറം വില | 189013 | 200000 | 250000 |
| 150 12 01 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 24990 | 250000 | 50000 |
| 150 30 01 | Miscellaneous Sales -മറ്റ് വസ്തുക്കളുടെ വിൽപ്പന | | 5000 | 5000 |
| **150** | **Total-Sale & Hire Charges** | **214003** | **455000** | **305000** |
| **151** | **Receipts from Transferred Institutions** | | | |
| **151** | **Total-Receipts from Transferred Institutions** | **0** | **0** | **0** |
| **170** | **Income from Investments** | | | |
| **170** | **Total-Income from Investments** | **0** | **0** | **0** |
| **171** | **Interest Earned** | | | |
| 171 10 01 | Interest from Bank Accounts -ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 674111 | 700000 | 800000 |
| **171** | **Total-Interest Earned** | **674111** | **700000** | **800000** |
| **180** | **Other Income** | | | |

| | | | | |
|---|---|---|---|---|
| 180 10 01 | Deposits Forfeited -നിക്ഷേപങ്ങൾ കണ്ടുകെട്ടിയത് | | | 50000 |
| 180 40 01 | Recovery from Employees -ജീവനക്കാറിൽ നിന്നുള്ള റിക്കവറികൾ | 81128 | 100000 | 100000 |
| 180 80 01 | Miscellaneous Income | 250 | 5000 | 5000 |
| **180** | **Total-Other Income-മറ്റ് വരവുകൾ -ആകെ** | **81378** | **105000** | **155000** |
| | **Total-Non tax revenue -ആകെ നികുതിയിതര വരവുകൾ** | **1917319** | **2465000** | **2745000** |
| **BS-3 - GENERAL PURPOSE FUND ജനറൽ പർപ്പസ് ഫണ്ട്** | | | | |
| | General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് | 10479811 | 10750000 | 13155000 |
| | **Total-General purpose fund -ജനറൽ പർപ്പസ് ഫണ്ട്** | **10479811** | **10750000** | **13155000** |
| **BS-4 -REVENUE INCOME-PLAN GRANTS (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യൂ വരവുകൾ )** | | | | |
| **311** | **Revenue Grants, Funds, Contributions & Compensations** | | | |
| 3111001 | Special Funds-പ്രത്യേക ഫണ്ട് | | | 18010000 |
| 3201001 | Grants, Funds & Contributions for Specific Purposes - centrally sponsored Schemes -കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 25106869 | 24500000 | 24850000 |
| 3202001 | Development Fund-വികസന ഫണ്ട് | 22213936 | 47505500 | 40467000 |

| | | | | |
|---|---|---|---|---|
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes -വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 3842012 | 3500000 | 3800000 |
| 3203001 | Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 1123573 | 30000 | 2500000 |
| 3207002 | Contributions for Joint Venture Projects (for Centrally Sponsored Scheme )- സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം- | 1497099 | 21990000 | 8500000 |
| 3208001 | Other Grants , Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 295450 | 3034000 | 1500000 |
| | **Revenue Grants, Funds, Contributions & Compensations** | **54078939** | **100559500** | **99627000** |
| **BS-5-REVENUE INCOME- NON PLAN GRANTS**<br>(പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം -വരവുകൾ ) | | | | |
| **160** | **Revenue Grants, Funds, Contributions & Compensations** | | | |

| | | | | |
|---|---|---|---|---|
| 160 10 03 | State Sponsored Schemes (not included under Decentralised Plan Programme )സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ | 18956400 | 60000000 | 70000000 |
| **160** | **Total-Revenue Grants, Funds, Contributions & Compensations** | **18956400** | **60000000** | **70000000** |
| **BS-6 - CAPITAL INCOME- LOANS (വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ സംബന്ധിച്ച ബജറ്റ് )** | | | | |
| **330** | **loans** | | | |
| 330 50 01 | loans from Banks & Other Financial Institutions - ബാങ്കുകളിൽ നിന്നും മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ | 3591946 | 6940000 | 0 |
| **330** | **Total-loans-ആകെ വായ്പകൾ** | **3591946** | **6940000** | **0** |
| **BS-7- CAPITAL INCOME- OTHER THAN LOANS ( മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റ് വരവുകൾ )** | | | | |
| 3201001 | Grants, Funds & Contributions for Specific Purposes - centrally sponsored Schemes -കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 6000000 | 16800000 |
| 3202001 | Development Fund-വികസന ഫണ്ട് | 18627002 | 52699302 | 8000000 |

| | | | | |
|---|---|---|---|---|
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes -വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 1500000 | 7000000 |
| | **Total-Revenue Grants, Funds, Contributions & Compensations** | **18627002** | **60199302** | **31800000** |
| **BS-8-Revenue Expenditure-Mandatory functions (അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)** | | | | |
| **210** | **Establishment Expenses-** | | | |
| 210 10 01 | Salaries-ശമ്പളം | 7935121 | 9000000 | 11000000 |
| 210 10 02 | Wages-കൂലി | 779935 | 750000 | 1000000 |
| 210 10 03 | Bonus-ബോണസ് | 32000 | 50000 | 60000 |
| 210 20 01 | Travelling Allowances-യാത്രാ ബത്ത | 98050 | 300000 | 300000 |
| 210 20 02 | Other Benefits and Allowances-മറ്റ് ബത്തകൾ | 35819 | 60000 | 60000 |
| 210 20 03 | Monthly Honorarium of Elected Representatives - ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം | 1428610 | 1600000 | 2000000 |
| 210 20 04 | Sitting Fee of Elected Representatives -ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 119300 | 175000 | 200000 |
| 210 20 05 | Travelling Allowance of Elected Representatives - ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത | 28826 | 100000 | 100000 |

| | | | | |
|---|---|---|---|---|
| 210 30 01 | Pension Contributions -പെൻഷൻ കോൺട്രിബ്യൂഷൻ | 731401 | 900000 | 1000000 |
| 210 30 02 | Leave Salary Contributions-അവധി ശമ്പളം | | 100000 | 100000 |
| 210 40 01 | Other Terminal & Retirement Benefits -മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 283866 | 500000 | 500000 |
| **210** | **Total-Establishment Expenses -ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ -ആകെ** | **11472928** | **13535000** | **16320000** |
| **220** | **Administrative Expenses-ഭരണ ചെലവുകൾ** | | | |
| 220 10 01 | Rent-വാടക | | 30000 | 30000 |
| 220 10 03 | Taxes-നികുതി | | 10000 | |
| 220 11 01 | Office Maintenance-ഓഫീസ് ചെലവുകൾ | 545402 | 250000 | 500000 |
| 220 12 01 | Communication Expenses -വാർത്താ വിനിമയ ചെലവുകൾ | 74676 | 200000 | 250000 |
| 220 20 01 | Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും | 29615 | 50000 | 75000 |
| 220 21 01 | Printing & Stationery-അച്ചടിയും സ്റ്റേഷനറിയും | 71136 | 300000 | 300000 |
| 220 40 01 | Insurance and Registration -ഇൻഷുറൻസ്/രജിസ്ട്രേഷൻ | 36391 | 50000 | 60000 |
| 220 51 01 | Legal Expenses -നീതിന്യായസേവനങ്ങൾക്കുള്ള ചെലവുകൾ | 16500 | 75000 | 100000 |
| 220 52 01 | Professional & Other Fees -പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 31200 | 25000 | 50000 |
| 220 60 01 | Advertisement & Publicity-പരസ്യവും പ്രചരണവും | 30000 | 50000 | 200000 |
| 220 61 01 | Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ | 2000 | 25000 | 25000 |

| | | | | |
|---|---|---|---|---|
| 220 70 01 | Election Expenses -തെരഞ്ഞെടുപ്പ് ചെലവുകൾ | 15695 | 400000 | 50000 |
| 220 71 01 | Extra - ordinary Expenses -അസാധാരണ ചെലവുകൾ | 139077 | 100000 | 100000 |
| 220 80 01 | Miscellaneous Administrative Expenses -മറ്റ് ഭരണ ചെലവുകൾ | 591293 | 200000 | 500000 |
| **220** | **Total-Administrative Expenses - ഭരണ ചെലവുകൾ -ആകെ** | **1582985** | **1765000** | **2240000** |
| **230** | **Operations & Maintenance-സംരക്ഷണവും നടത്തിപ്പും** | | | |
| 230 10 01 | Power-വൈദ്യുതി/ഊർജം | 1501379 | 1600000 | 2000000 |
| 230 10 02 | Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ് | 202688 | 300000 | 400000 |
| 230 11 01 | Water Charges for Drinking Water Schemes -വാട്ടർ ചാർജ് | 1472613 | 1500000 | 2000000 |
| 230 40 01 | Hire Charges-വാടക | 10472 | 100000 | 100000 |
| 230 50 01 | Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ | 4355 | 50000 | 50000 |
| 230 50 02 | Repairs & Maintenance - Infrastructure Assets - Roads-സംരക്ഷണവും അറ്റകുറ്റപ്പണികളും-റോഡുകൾ | | 50000 | 50000 |
| 230 50 03 | Repairs & Maintenance - Lanes-സംരക്ഷണവും അറ്റകുറ്റപ്പണികളും--ലെയിനുകൾ | | 10000 | 10000 |
| 230 50 04 | Repairs & Maintenance Culverts & Bridges-സംരക്ഷണവും അറ്റകുറ്റപ്പണികളും--പാലങ്ങളും കലുങ്കുകളും | | 20000 | 20000 |

| | | | | |
|---|---|---|---|---|
| 230 50 05 | Repairs & Maintenance - Drinking Water - സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ | | 20000 | 20000 |
| 230 50 06 | Repairs & Maintenance Irrigation - സംരക്ഷണവും അറ്റകുറ്റപ്പണികളും-ജലസേചന പദ്ധതികൾ | | 20000 | 20000 |
| 230 50 07 | Repairs & Maintenance - Electricity - സംരക്ഷണവും അറ്റകുറ്റപ്പണികളും-വൈദ്യുതി | 216503 | 30000 | 50000 |
| 230 50 08 | Repairs & Maintenance - Waste Treatment - സംരക്ഷണവും അറ്റകുറ്റപ്പണികളും-മാലിന്യ നിർമാർജന പദ്ധതികൾ | | 50000 | 100000 |
| 230 50 09 | Repairs & Maintenance - Movable Assets - സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ | 110825 | 125000 | 200000 |
| 230 50 99 | Repairs & Maintenance -Other Fixed Assets - സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ | 4270 | 25000 | 25000 |
| 230 80 01 | Other Operating and maintenance expenses -മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ | 500886 | 250000 | 500000 |
| **230** | **Total-Operations & Maintenance-നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ-ആകെ** | **4023991** | **4150000** | **5545000** |
| **240** | **Interest & Finance Charges -പലിശയും അനുബന്ധ ചെലവുകളും** | | | |
| 240 70 01 | Bank Charges-ബാങ്ക് ചാർജ് നൽകൽ | 89 | 1000 | 1000 |

| | | | | |
|---|---|---|---|---|
| 240 | Total-Interest & Finance Charges -പലിശയും അനുബന്ധ ചെലവുകളും-ആകെ | 89 | 1000 | 1000 |
| | TOTAL STATUTORY EXPENDITURE -അനിവാര്യ ചെലവുകൾ ആകെ | 17079993 | 19451000 | 24106000 |
| | **BS-9 - Revenue Expenditure - PLAN**<br>(പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ) | | | |
| 250 | Decentralised Plan Programme - Productive Sector | | | |
| 2501009 | Agriculture and Related Sectors - Coconut- കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി | | | 200000 |
| 2501011 | Agriculture and Related Sectors - Vegetables- കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി | | | 100000 |
| 2501012 | Agriculture and Related Sectors - Plantain- കൃഷിയും അനുബന്ധ മേഖലകളും-വാഴ | | 220000 | 500000 |
| 2501013 | Agriculture and Related Sectors -Tuber Crops - കൃഷിയും അനുബന്ധ മേഖലകളും-കിഴങ്ങ് വിളകൾ | 494000 | 1460000 | 800000 |
| 2501014 | Agriculture and Related Sectors -Horticulture- കൃഷിയും അനുബന്ധ മേഖലകളും- | | 1516841 | 200000 |
| 2501015 | Agriculture and Related Sectors -Medicinal Herbs - കൃഷിയും അനുബന്ധ മേഖലകളും-ഔഷധ സസ്യങ്ങൾ | | 200000 | 0 |
| 2501018 | Agriculture and Related Sectors -Ginger- കൃഷിയും അനുബന്ധ മേഖലകളും-ഇഞ്ചി | | | 200000 |

| | | | | |
|---|---|---|---|---|
| 2501026 | Agriculture and Related Sectors - Agriculture Related Facilities-കൃഷിയും അനുബന്ധ മേഖലകളും-അനുബന്ധ സൌകര്യങ്ങൾ | | | 600000 |
| 2501031 | Animal Husbandry -Cow-മൃഗ സംരക്ഷണം-പശു വളർത്തൽ | 247500 | 2340000 | 700000 |
| 2501032 | Animal Husbandry -Goat-മൃഗ സംരക്ഷണം-ആട് വളർത്തൽ | | 448000 | 300000 |
| 2501034 | Animal Husbandry -Calf-മൃഗ സംരക്ഷണം-കന്നുകുട്ടി പരിപാലനം | | 800000 | 600000 |
| 2501035 | Animal Husbandry -Poultry- മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ | 586300 | 403200 | 500000 |
| 2501040 | Animal Husbandry -Disease Control -മൃഗ സംരക്ഷണം-രോഗ നിയന്ത്രണം | 200000 | 200000 | 200000 |
| 2501046 | Dairy Development -Storage and Marketing -ക്ഷീര വികസനം-സംഭരണവും വിപണനവും | 663073 | 2193927 | 500000 |
| 2501048 | Dairy Development -Infrastructure-ക്ഷീര വികസനം-പശ്ചാത്തല സൌകര്യങ്ങൾ | 709482 | | 0 |
| 2501052 | Inland -Pisciculture-ഉൾനാടൻ മത്സ്യ കൃഷി | | 1950000 | 500000 |
| 2502004 | Minor Irrigation -Providing Individual Facilities -ചെറുകിട ജലസേചനം-വ്യക്തിഗതം | 23664 | 60000 | 100000 |
| 2503001 | Small scale industries and Micro enterprises -ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും | | 698000 | 100000 |
| 2503015 | Service Enterprises-സേവന സംരംഭങ്ങൾ | 470210 | | 0 |
| 2505005 | Biogas Plant-ബയോഗ്യാസ് പ്ലാന്റ് | 461215 | | 0 |

| | | | | |
|---|---|---|---|---|
| **250** | **Total-Decentralised Plan Programme - Productive Sector-ഉത്പാദന മേഖല ആകെ** | **3855444** | **12489968** | **6100000** |
| **251** | **Decentralised Plan Programme - Service Sector - സേവന മേഖല** | | | |
| 2511002 | Primary Education-പ്രൈമറി വിദ്യാഭ്യാസം | 50000 | | 0 |
| 2511006 | SSA & Other Educational Programs -സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും | 500000 | 500000 | 500000 |
| 2511007 | Sports-സ്പോർട്സ് | | | 200000 |
| 2511011 | Continuing Education and Non -formal Education അനൌപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | 33050 | 50000 | 50000 |
| 2511013 | Education-Related Activities -വിദ്യാഭ്യാസ -അനുബന്ധ പ്രവർത്തനങ്ങൾ | 50000 | | 0 |
| 2511015 | Reading Rooms ,Libraries - Books-വായനശാലകളും റീഡിംഗ് റൂമുകളും-പുസ്തകങ്ങൾ | | | 100000 |
| 2511019 | Arts,Culture,Sports and Youth Welfare -Promotion-കല-സംസ്കാരം-സ്പോർട്സ്-യുവജന ക്ഷേമം-പ്രോത്സാഹന പരിപാടികൾ | | | 50000 |
| 2512001 | PHC, CHC &Other Hospitals /Dispensaries-ഹെൽത്ത് സെന്ററുകൾ/ആസ്പത്രികൾ/ഡിസ്പൻസറികൾ | 146199 | | 0 |
| 2512002 | Public Health Programs -പൊതു ആരോഗ്യ പരിപാടികൾ | 562196 | 1500039 | 1000000 |
| 2512003 | Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി | 9600 | 333600 | 200000 |

| | | | | |
|---|---|---|---|---|
| 2512007 | Other Programs in Health Sector -മറ്റ് ആരോഗ്യ പദ്ധതികൾ | | 40800 | 50000 |
| 2512008 | Drinking Water-കുടിവെള്ളം | 177340 | 250000 | 200000 |
| 2512009 | Sanitation-ശുചിത്വം | 349790 | 2455500 | 800000 |
| 2512024 | Epidemic Control -പകർച്ച വ്യാധി നിയന്ത്രണം | | 4030200 | 2500000 |
| 2512025 | Drinking Water - Public-പൊതു കുടിവെള്ള വിതരണം | | 300000 | 300000 |
| 2512026 | Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം | 293200 | 1643400 | 1500000 |
| 2513001 | Housing-ഭവന നിർമ്മാണം | 5052000 | 36593000 | 25500000 |
| 2513004 | Electrification-വൈദ്യുതീകരണം. | | | 50000 |
| 2513005 | Programs for the Aged -വൃദ്ധക്ഷേമ പരിപാടികൾ | 26100 | 1487270 | 1000000 |
| 2513006 | Programs for Physically / Mentally Challenged - ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 549850 | 1332860 | 1000000 |
| 2513008 | Total Poverty Alleviation Programs -ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 24375179 | 24000000 | 30000000 |
| 2513009 | Women's Welfare Programs -വനിതാ ക്ഷേമ പരിപാടി | 50000 | | 1000000 |
| 2513010 | Special Programs for Scheduled Castes -പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | 330000 | 3057000 | 1000000 |
| 2513011 | Special Programs for Scheduled Tribes -പട്ടിക വർഗ ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | 133762 | 275000 | 280000 |
| 2513012 | Other Social Security Programs -മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ | 720000 | 2030000 | 1300000 |

| | | | | |
|---|---|---|---|---|
| 2514001 | Development Programs for Women and Children - വനിതാ ശിശു ക്ഷേമ പരിപാടികൾ | 375000 | | 0 |
| 2514002 | Special Child Welfare Program -പ്രത്യേക ശിശുക്ഷേമ പരിപാടികൾ | 50000 | 50000 | 50000 |
| 2514101 | Anganwadi Nutrition -അംഗൻവാടി പോഷകാഹാര പരി പാടി | 934337 | 3615663 | 3500000 |
| 2514201 | Anganwadi Infrastructure -അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ | 1853822 | 20000 | 400000 |
| 2516005 | General Economic Services - Plan Formulation , Monitoring and Evaluation -പദ്ധതി രൂപീകരണം ,മോണിറ്ററിംഗ് | 104654 | 283900 | 300000 |
| 2516006 | General Economic Services - Good Governance - സൽ ഭരണം | | | 200000 |
| 2516007 | General Economic Services- Computerisation of LSGIs and Transferred Institutions -തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ വൽക്കരണം | | 227026 | 300000 |
| 2516101 | Vocational Capacity Building - Vocational Training - തൊഴിൽ നൈപുണ്യ വികസനം - തൊഴിൽ പരിശീലനം | | | 75000 |
| **251** | **Total-Decentralised Plan Programme - Service Sector** | **36726079** | **84075258** | **73405000** |
| **252** | **Decentralised Plan Programme - Infrastructure Sector** | | | |
| 2521001 | Energy - Electrification of Street Lights -തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം | 432784 | 1456638 | 1500000 |
| 2522001 | Roads-റോഡുകൾ | | 168000 | 200000 |
| 2522004 | Culverts and Causeways -കലുങ്കുകളും ചപ്പാത്തുകളും | | 385000 | 200000 |

| | | | | |
|---|---|---|---|---|
| 2522012 | Other Programs in Infrastructure Sector - പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ | | 150000 | 50000 |
| 2523001 | Public Buildings- പൊതു കെട്ടിടങ്ങൾ | 1595919 | 998000 | 200000 |
| 2523002 | Public Buildings - Other Buildings -പൊതു കെട്ടിടങ്ങൾ-മറ്റ് കെട്ടിടങ്ങൾ | 236455 | 844000 | 200000 |
| **252** | **Total-Decentralised Plan Programme - Infrastructure Sector** | **2265158** | **4001638** | **2350000** |
| **253** | **Projects not included in Sector Division** | | | |
| 2531001 | Drinking Water related Projects -കുടിവെള്ളം-അനുബന്ധ പ്രൊജെക്ടുകൾ | 10000 | | 0 |
| 2531004 | Supplementary Nutritional Programs through Anganawadies-അംഗനവാടി അനുപൂരക പോഷക ആഹാര പരിപാടി | 50000 | | 0 |
| 2531006 | Asraya Projects for Rehabilitation of Destitute - ആശ്രയ പദ്ധതി | 200000 | 200000 | 500000 |
| 2531009 | Computerisation of Panchayats - പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം | 117646 | | 0 |
| 2531012 | Payments to IKM -ഐ.കെ.എംനുള്ള പണം നൽകൽ | 82095 | 90000 | 100000 |
| **253** | **Total-Projects not included in Sector Division** | **459741** | **290000** | **600000** |
| **255** | **Maintenance Projects** | | | |
| 255 10 01 | Maintenance Projects - Road Assets -റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ | 1869241 | 10742091 | 18963000 |

| | | | | |
|---|---|---|---|---|
| 255 20 01 | Maintenance Projects - Non Road Assets - Transferred Institutions - Agriculture- റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -കൃഷി | | | 100000 |
| 255 20 02 | Maintenance Projects - Non Road Assets - Transferred Institutions - Animal Husbandry -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മൃഗ സംരക്ഷണം | | 100000 | 100000 |
| 255 20 05 | Maintenance Projects - Non Road Assets - Transferred Institutions - Social Welfare -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ സാമൂഹ്യ ക്ഷേമം | 864000 | 1722108 | 462000 |
| 255 20 06 | Maintenance Projects - Non Road Assets - Transferred Institutions -Allopathy (Hospitals/Dispensaries) റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - ആശുപത്രി/ഡിസ്പൻസറി -അലോപ്പതി | 633990 | 650000 | 400000 |
| 255 20 07 | Maintenance Projects - Non Road Assets - Transferred Institutions - Ayurveda (Hospitals/Dispensaries) - റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - ആശുപത്രി-ആയുർവേദം | 523000 | 450000 | 500000 |

| | | | | |
|---|---|---|---|---|
| 255 20 08 | Maintenance Projects - Non Road Assets - Transferred Institutions - Homeopathy (Hospitals/Dispensaries) - റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - ആശുപത്രി-ഹോമിയോപ്പതി | 200000 | 300000 | 300000 |
| 255 20 11 | Maintenance Projects - Non Road Assets - Transferred Institutions - General Education -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -പൊതു വിദ്യാഭ്യാസം | | 600000 | 200000 |
| 255 20 16 | Maintenance Projects - Non Road Assets - Transferred Institutions - Others-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ഘടക സ്ഥാപനങ്ങൾ | | 240000 | 50000 |
| 255 20 17 | Maintenance Projects - Non Road Assets - Other Transferred Assets –റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ആസ്തികൾ | | 300000 | 50000 |
| 255 | Total-Maintenance Projects -മെയിന്റനൻസ് പ്രോജക്ടുകൾ-ആകെ | 4090231 | 15104199 | 21125000 |
| 256 | Other Revenue Grants and funds - Revenue Expenses - മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും | | | |
| 2561001 | Other Revenue Grants and funds - Revenue Expenses - മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും | 1158573 | 250000 | 250000 |
| **256** | **Other Revenue Grants and funds- Revenue Expenses- Total-മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും -ആകെ** | **1158573** | **250000** | **250000** |

| | | | | |
|---|---|---|---|---|
| **260** | **Grants, Contributions and Compensations from Own Fund** | | | |
| 2601001 | Grants, Contributions and Compensations from Own Fund- Grants | 0 | 10000 | 10000 |
| 2602001 | Grants, Contributions and Compensations from Own Fund- Contributions | 0 | 10000 | 10000 |
| 2603001 | Grants, Contributions and Compensations from Own Fund- Compensations | 1000 | 10000 | 10000 |
| **260** | **Grants, Contributions and Compensations from Own Fund-total** | **1000** | **30000** | **30000** |
| | **Total-Revenue Expenditure -PLAN-പ്ലാൻ റവന്യൂ ചെലവുകൾ ആകെ** | **48556226** | **116241063** | **103860000** |
| **BS-10- Revenue Expenditure-B FUND & STATE SPONSORED SCHEMES (നോൺ-പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)** | | | | |
| **254** | **Expenditures of Transferred Institutions (not included under Decentralised Plan Programme)** | | | |
| 254 20 01 | State Sponsored Schemes (not included under Decentralised Plan Programme )-സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ | 18956400 | 60000000 | 70000000 |
| **254** | **Total-Expenditures of Transferred Institutions (not included under Decentralised Plan Programme)** | **18956400** | **60000000** | **70000000** |
| **BS-11CAPITAL EXPENDITURE - LOAN REPAYMENTS (വായ്പ തിരിച്ചടവിനു വേണ്ടിയുള്ള വകയിരുത്തലുകൾ)** | | | | |
| **330** | **Loans** | | | |
| | **Total-loans - ആകെ വായ്പ തിരിച്ചടവ്** | **0** | **0** | **0** |
| **BS-12- CAPITAL EXPENDITURE - OTHER THAN LOAN REPAYMENTS ( മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)** | | | | |

| | | | | |
|---|---|---|---|---|
| 410 20 01 | Buildings (പൊതു കെട്ടിടങ്ങൾ) | 6210247 | 7661500 | 5000000 |
| 410 30 01 | Roads ( റോഡുകൾ) | 15120582 | 20240630 | 16500000 |
| 410 30 02 | Lanes (ഇടവഴികൾ) | | 1500000 | 500000 |
| 410 30 03 | Culverts, Bridges & Other constructions (കലുങ്കുകളും പാലങ്ങളും അനുബന്ധ നിർമിതികളും) | 2721476 | 16568279 | 1500000 |
| 410 40 01 | Drinking Water - Sources (Open Wells, Bore Wells, Tube Wells , Tanks etc .)( കുടിവെള്ള സ്രോതസ്സുകളും,അനുബന്ധ നിർമിതികളും) | 3072738 | 6946812 | 2000000 |
| 410 60 01 | Electricity (വൈദ്യുതി) | 5830933 | 3588249 | 3000000 |
| 410 70 01 | Waste Treatment (മാലിന്യ സംസ്കരണം) | | 287000 | 0 |
| 410 71 01 | Movable Assets (ജംഗമ സ്വത്തുകൾ) | 540286 | 2882570 | 2200000 |
| 410 80 01 | Other Fixed Assets ( മറ്റ് സ്ഥിര ആസ്തികൾ) | | | 1100000 |
| **TOTAL CAPITAL EXPENDITURE - ആകെ മൂലധന ചെലവുകൾ** | | 33496262 | 59675040 | 31800000 |
| **BS-13 - RECEIPT AND REFUND OF DEPOSIT (ഡെപോസിറ്റ് വരവും, മടക്കി നൽകലും)** | | | | |
| 3401099 | Other Deposits-മറ്റ് നിക്ഷേപങ്ങൾ | | 250000 | 250000 |
| 3402001 | Deposits-Revenue-റവന്യൂ നിക്ഷേപങ്ങൾ | | 300000 | 300000 |
| 3403001 | Deposits Received From Staff -ജീവനക്കാരിൽ നിന്നുള്ള നിക്ഷേപങ്ങൾ | | 400000 | 400000 |
| 3408001 | Deposit Received from Others -മറ്റുള്ളവരിൽ നിന്നുള്ള നിക്ഷേപങ്ങൾ | | 250000 | 250000 |
| 3502001 | Recoveries Payable -റിക്കവറികൾ അടവാക്കനുള്ളത് | | 2000000 | 2000000 |

| | | | | |
|---|---|---|---|---|
| 3502002 | Recoveries Payable - Deductions FROM WORK BILLS - വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ അടവാക്കനുള്ളത് | | 400000 | 400000 |
| 3503001 | Government and Other Dues Payable - സർക്കാരിലേക്ക് അടവാക്കാനുള്ള മറ്റ് കുടിശികകൾ | | 400000 | 400000 |
| **110** | **ആകെ** | | **4000000** | **4000000** |

## പെർഫോർമൻസ് ബഡ്ജറ്റ് 2021-2022

| ക്രമ നം | പദ്ധതിയുടെ പേര് | തുക | | | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|
| | | പ്ലാൻ ബജറ്റ് | നോൺ പ്ലാൻ ബജറ്റ് | ആകെ | |
| 1 | ലൈഫ് ഭവന പദ്ധതി | 1,80,00,000 | 0.00 | 1,80,00,000 | ഭവനം ലഭ്യമാക്കുന്നു |
| 2 | അഗൻവാടി പോഷകാഹാരം | 25,00,000 | 0.00 | 25,00,000 | ശിശുക്കൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നു |
| 3 | ക്ഷിര വികസന മേഖല | 5,00,000 | 0.00 | 5,00,000 | ക്ഷിരകർഷകർക്ക് പ്രോത്സാഹനം |
| 4 | പാലിയേറ്റീവ് പരിചരണ പരിപാടി | 10,00,000 | 0.00 | 10,00,000 | കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നു |
| 5 | ഭിന്നശേഷി വിഭാഗങ്ങളുടെ ക്ഷേമം | 10,00,000 | 0.00 | 10,00,000 | ഭിന്നശേഷി പരിചരണം |
| 6 | മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി | 0.00 | 4,00,00,000 | 4,00,00,000 | ദാരിദ്ര്യ ലഘൂകരണം |
| 7 | ക്ഷേമ പെൻഷനുകൾ | 0.00 | 7,00,00,000 | 7,00,00,000 | സാമൂഹ്യ സുരക്ഷിതത്വം |
| 8 | ഭവന പുനരുദ്ധാരണം | 75,00,000 | 0.00 | 75,00,000 | വാസയോഗ്യമായ ഭവനം |

## ജന്റർ ബഡ്ജറ്റ് 2021-2022

| ക്രമ നം | പദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കൾ (ലിംഗ പദവി അടിസ്ഥാനത്തിൽ) | | ബഡ്ജറ്റ് (ലിംഗ പദവി അടിസ്ഥാനത്തിൽ) | | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|---|---|
| | | | പു | സ്ത്രീ | പു | സ്ത്രീ | |
| 1 | ക്ഷിര വികസന മേഖല | 10,00,000 | | 30 | | 10,00,000 | ക്ഷീര വികസനം |
| 2 | വനിതകൾക്ക് സ്വയം തൊഴിൽ സഹായം | 1,00,000 | | 5 | | 1,00,000 | സ്വയംതൊഴിൽ ലഭ്യമാക്കുന്നു |
| 3 | മൃഗസംരക്ഷണ മേഖല | 5,00,000 | | 150 | | 5,00,000 | വനിതാ വികസനം |

# ഉപസംഹാരം

ബജറ്റിന്റെ കരട് രൂപമാണ് അവതരിപ്പിച്ചത് ആയത് സജീവ ചർച്ചയ്ക്കും, പരിഗണനകൾക്കും വിധേയമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രതീക്ഷിത വിഭവങ്ങൾ യുക്തിസഹമായി വകയിരുത്തി പഞ്ചായത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. നമ്മുടെ കൂട്ടായ പരിശ്രമം വഴി ബജറ്റിലൂടെ വിഭാവനം ചെയ്യുന്ന വികസന കാഴ്ചപ്പാട് പ്രവർത്തികമാക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ ബഡ്ജറ്റ് ഭരണസമിതി മുമ്പാകെ അംഗീകരിക്കുന്നതിനായി സമർപ്പിക്കുന്നു.

**ഒപ്പ്**
**ഒ.എൻ.യശോധരൻ**
വൈസ് പ്രസിഡന്റ്
വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

വടശ്ശേരിക്കര,
05/02/2021